പഞ്ചായത്തു പൊതുതിരഞ്ഞെടുപ്പിൽ കെട്ടിവച്ച തുക നഷ്ടപ്പെട്ട സ്ഥാനാർത്ഥികൾ.

*216. [28] ശ്രീ. എൻ. ജെ. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പഞ്ചായത്തു പൊതുതിരഞ്ഞെടുപ്പിനു മത്സരിച്ച സ്ഥാനാർത്ഥികളിൽ കെട്ടിവച്ച തുക നഷ്ടപ്പെട്ടവർ എത്ര ;

(ബി) ഈ തുക അതാതു പഞ്ചായത്തുകൾക്കു മടക്കി കൊടുക്കണമെന്നു വ്യവസ്ഥയുണ്ടോ ;

(സി) ഉണ്ടെങ്കിൽ അങ്ങനെയുള്ള തുക മടക്കിക്കൊടുത്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. ടി. വെളിച്ചുകുട്ടൻ) :

(എ) കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികളിൽ കെട്ടിവച്ചിട്ടുള്ള തുക നഷ്ടപ്പെട്ടിട്ടുള്ളവർ 893.

(ബി) വ്യവസ്ഥയുണ്ട്.

(സി) മുഴുവനും മടക്കിക്കൊടുത്തു കഴിഞ്ഞിട്ടില്ല.

ശ്രീ. എൻ. ജി. ചാക്കോ : ഇതുവരെ മുഴുവൻ സംഖ്യയും മടക്കി കൊടുക്കാത്തതിനു കാരണമെന്താണു് ?

ശ്രീ. ടി. വെളിച്ചുകുട്ടൻ : ട്രഷറികളിൽ ഡപ്പോസിറ്റായി ഒടുക്കിയിരിക്കുന്ന ഈ തുക ഏതേതു പഞ്ചായത്തുകളിൽ തിരിച്ചു കൊടുക്കണമെന്ന കാര്യത്തിലേയ്ക്കു് പഞ്ചായത്തു് ഡയറക്ടർ ആഫീസറന്മാർക്കു് നിർദ്ദേശം കൊടുത്തിരിക്കുകയാണു്. അതനുസരിച്ചു് വല്ലകാലതാമസം കൂടാതെ മുഴുവനും തിരിച്ചുകൊടുക്കുന്നതായിരിക്കും.

പേപ്പട്ടി വിഷചികിത്സ.

*217. [29] ശ്രീ. എൻ. ജെ. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ ഏതു ആശുപത്രികളിൽ പേപ്പട്ടി വിഷചികിത്സയ്ക്കുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു് ;

(ബി) എല്ലാ ഡിസ്പെൻസറികളിലും ഈ ചികിത്സാസൌകര്യം ഏർപ്പെടുത്തുന്നതിനു് ഗവണ്മെൻറ് നടപടി എടുക്കുമോ ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) മെഡിക്കൽ ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും, പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള ചാലക്കുടിയിലും, നെയ്യാറ്റിൻകരയിലുമുള്ള രണ്ടാശുപത്രികളിലും പേപ്പട്ടി വിഷചികിത്സയ്ക്കാവശ്യമുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

(ബി) നടപടി കൈക്കൊണ്ടിട്ടുണ്ടു്.

ശ്രീ. എൻ. ജെ. ചാക്കോ : പട്ടികൾക്കു് പേവിടിക്കാതിരിക്കാൻ എന്തെങ്കിലും മരുന്നു് കണ്ടുപിടിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly